**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 304 പ്രകാരം ബഹു.അങ്കമാലി എം.എൽ.എ ശ്രീ.റോജി.എം.ജോൺ ഉന്നയിച്ച സബ്മിഷനുള്ള മറുപടി**

അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയ്ഞ്ചിൽപ്പെട്ട മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ വനമേഖലയോട് ചേർന്നുള്ള 6,7 വാർഡുകളിലാണ് വന്യജീവിശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. കൂടാതെ അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭാഗമായുള്ള കല്ലാല എസ്റ്റേറ്റ്, കണ്ണിമംഗലം, പാണ്ടുപാറ എന്നീ പ്രദേശങ്ങളിലും വന്യജീവിശല്യം റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ഈ മേഖലകളിൽ ജനങ്ങളുടെ സൈ്വര ജീവിതം ഉറപ്പുവരുത്തുന്നതിനും, കാർഷിക നഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

1. വന്യജീവി ആക്രമണസാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചു വരുന്നു.

2. കണ്ണിമംഗലം മേഖലയിൽ 8.36 ലക്ഷം രൂപ ചെലവിൽ 4 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

3. അറ്റകുറ്റ പ്രവൃത്തികൾ ആവശ്യമായ സൗരോരജ്ജ വേലികൾ, അറ്റകുറ്റ പ്രവൃത്തികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. വന്യജീവികൾ ജനവാസ മേഖലയ്ക്ക് സമീപം എത്തിയാൽ അറിയിക്കുന്നതിനായി ടെലഫോൺ നമ്പറുകൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഫോൺകോളുകൾ സ്വീകരിച്ച് ഉടൻ തന്നെ സ്ഥലത്ത് എത്തിച്ചേർന്ന് വന്യജീവികളെ തിരികെ കാട്ടിലേക്ക് കയറ്റി വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നു. അവശ്യ സന്ദർഭങ്ങളിൽ ഡിവിഷൻ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ വിങ്ങിന്റെ സേവനവും ഇതിനായി ഉപയോഗപ്പെടുത്തുന്നു.

5. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

6. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സമയബന്ധിതമായി നൽകി വരുന്നുണ്ട്.

7. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തിയും, ജനങ്ങളിൽ നിന്നും വന്യജീവി സാന്നിധ്യം സംബന്ധിച്ച് സന്ദേശം ലഭിക്കുമ്പോൾ തന്നെ പ്രദേശത്ത് എത്തിച്ചേർന്നും ജനപ്രതിനിധികളും, പൊതുജനങ്ങളുമായി ചേർന്ന് ഐക്യത്തോടെ തന്നെ ടി പ്രശ്നം പരമാവധി ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

8. കാലടി റെയ്ഞ്ചിൽ നിലവിലുള്ള മൂന്ന് ജീപ്പുകളും, അവശ്യ സന്ദർഭങ്ങളിൽ സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ വിങ്ങിന്റെ വാഹനവും നിലവിൽ മേൽ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നു.